**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3346 - 25/06/2012-ലെ മറുപടിക്ക്**

**നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ്**

**ചോദ്യം**

ശ്രീ. കെ.കെ.ജയചന്ദ്രൻ

ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. പി.ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി.രവീന്ദ്രനാഥ്

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി).

| | |
|---|---|
| (എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മുൻവർഷത്തേത് പോലെ മന്ദഗതിയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) 2011-12 ജൂൺ 30 വരെ ചെലവഴിച്ച തുക പദ്ധതി അടങ്കലിന്റെ 3% ആയിരുന്നു. എന്നാൽ വകുപ്പുതല താല്കാലിക കണക്കു പ്രകാരം നടപ്പു സാമ്പത്തിക വർഷം മെയ് 31 വരെ പദ്ധതിയടങ്കലിന്റെ 4% തുക ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വേഗത കൈവരിക്കുന്നതായി സൂചിപ്പിക്കുന്നു. |
| (ബി) പദ്ധതി വിനിയോഗം ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നടപ്പുവർഷം തനത് പരിപാടികളിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 2012 ജൂൺ വരെ ചെലവഴിച്ച തുക എത്ര; | (ബി) പദ്ധതികൾ നിശ്ചിത സമയത്ത് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിലേയ്ക്കായി പ്രത്യേക കർമ്മസമിതിയുടെ (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) സാമ്പത്തിക പരിധി 3 കോടിയിൽ നിന്നും 5 കോടിയാക്കി ഉയർത്തിയിട്ടുണ്ട്. ഈ പരിധിയിൽ കുറഞ്ഞ വിഹിതമുള്ള പദ്ധതികൾക്ക് അതാത് വകുപ്പുതല കർമ്മസമിതികൾ (ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പുകൾ) തന്നെ പരിശോധിച്ച് അംഗീകാരം നൽകാവുന്നതാണ്. നടപ്പുവർഷം തനത് പരിപാടികളിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 2012 മെയ് 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു (പ്രാഥമിക കണക്കുകൾ പ്രകാരം).<br>1. സംസ്ഥാന പദ്ധതികൾ- 521.61 കോടി രൂപ.<br>2. കേന്ദ്രാവിഷ്കൃത പദ്ധതികൾ -130.91 കോടി രൂപ. |
| (സി) മുൻവർഷത്തെ പദ്ധതിചെലവ് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; വിനിയോഗം എത്ര ശതമാനമായിരുന്നു; | (സി) വകുപ്പ്തല താല്കാലിക കണക്കനുസരിച്ച് 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയടങ്കലായ 12010 കോടി രൂപയിൽ 10947.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതിയടങ്കലിന്റെ 91 ശതമാനമാണ്. |
| (ഡി) മാർച്ച് മാസത്തിൽ പദ്ധതി പണം കൂട്ടത്തോടെ ചെലവാക്കുന്ന സ്ഥിതിവിശേഷത്തിന്റെ കാരണം വെളിപ്പെടുത്താമോ; പദ്ധതി ചെലവിന്റെ എത്ര ശതമാനം ആദ്യ പാദത്തിൽ ചെലവഴിക്കണമെന്നാണ് ചട്ടം എന്നും വിശദമാക്കാമോ? | (ഡി) ഭരണാനുമതി നല്കുന്നതിനുള്ള കാലതാമസം, മതിയായ ബജറ്റ് വിനിയോഗത്തിന്റെ അഭാവം തുടങ്ങിയവയാണ് മാർച്ച് മാസത്തിൽ പദ്ധതി പണം കൂടുതൽ ചെലവാക്കുന്ന പ്രവണതയ്ക്കുള്ള കാരണങ്ങൾ. 02.06.12-ലെ 31/12/ധന നമ്പർ സർക്കുലർ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള |

| | |
|---|---|
| | എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതിവിഹിതം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദാന്ത്യം, ആകുമ്പോഴേക്ക് പദ്ധതിവിഹിത വിനിയോഗം 10 ശതമാനമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.